# അഭിപ്രായസ്വാതന്ത്ര്യം അറബിക്കടലിലോ?





◆ വേറിട്ട് കാഴ്ചകൾ ◆

**മധുനായർ ന്യൂയോർക്ക്**

> ലോകത്തിന്റെ പലഭാഗങ്ങളിലും സാഹസികയാത്ര നടത്തിയിട്ടുള്ള ഈ ലേഖകൻ പയ്യന്നൂർ സംഭവത്തിൽ അതീവഖിന്നനാണ് - താലിബാനിസം മലയാളക്കരയിലും വാഴുന്നുവെന്നത് ഉൾക്കൊള്ളാനാകുന്നില്ല. അടിയന്തരാവസ്ഥക്കാലത്ത് പോലീസിനെ പേടിച്ചാൽ മതിയായിരുന്നു. ഇപ്പോഴിതാ സംഘടിത ശക്തിയേയും പേടിക്കേണ്ടിയിരിക്കുന്നു.

പ്രശസ്ത എഴുത്തുകാരൻ പോൾ സക്കറിയയുമായി ഈ ലേഖകൻ പലയാത്രകളും നടത്തിയിട്ടുണ്ട്. വലിയ തയ്യാറെടുപ്പൊന്നുമില്ലാതെ അഗസ്ത്യകൂടം കയറാൻ ഒരുങ്ങിയത് തികച്ചും സാഹസികമായിരുന്നു. തിരികെയെത്തുവാനുള്ള വഴിതെറ്റി അർദ്ധരാത്രി കാട്ടിനുള്ളിലൂടെ വെളിച്ചവും വഴികാട്ടിയുമില്ലാതെ ആനകളുടെ ചിന്നംവിളികൾ കേട്ട് പേടിച്ചരണ്ട് അലഞ്ഞുതിരിഞ്ഞകഥ മാധ്യമശ്രദ്ധയിൽപ്പെട്ടില്ല. കഴിഞ്ഞവാരം ഞങ്ങളൊരുമിച്ച് വടക്കേ മലബാറിലെ പയ്യന്നൂരിലേക്ക് പോയതും അവിടെ സക്കറിയ ചെയ്ത പ്രസംഗം വിവാദമായതും അതിന്റെ പേരിൽ കുട്ടിസഖാക്കളുടെ ഞങ്ങളുടെ നേർക്കുണ്ടായ കയ്യേറ്റവും വൻവാർത്തയായിരിക്കുന്നു.

തെക്കേ അമേരിക്കയിലെ കൊളംബിയ രാജ്യത്ത് ഈ ലേഖകൻ ഒരുമാസത്തോളം സഞ്ചരിച്ച് എഴുതിയ യാത്രാക്കുറിപ്പുകൾ ഒരു പ്രസിദ്ധമാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുവന്നത് വായനക്കാരുടെ ഇടയിൽ ശ്രദ്ധേയമായി. ഗബ്രിയേൽ ഗാർസിയ മാർക്കേസ് എന്ന ലോകപ്രസിദ്ധ എഴുത്തുകാരന്റെ വേരുകൾ തേടിയായിരുന്നു എന്റെ യാത്ര. അദ്ദേഹം പിറന്നുവീണകുഗ്രാമമായ അരകത്താക്കയിലെ ആദ്യ മലയാളിയുടെ അനുഭവം വ്യത്യസ്തമായൊരു ശൈലിയിൽ വിവരിച്ചതുകൊണ്ടാകാം "ഗാബോയുടെ നാട്ടിലും വീട്ടിലും" എന്ന ശീർഷകത്തിൽ ലേഖനസമാഹാരം പുസ്തകരൂപത്തിൽ പുറത്തിറങ്ങിയപ്പോൾ അപ്രതീക്ഷിതമായ കോണുകളിൽ നിന്നും അഭിനന്ദനപ്രവാഹങ്ങൾ ഉണ്ടായത്.

പയ്യന്നൂരിലെ പുരോഗമന സാഹിത്യസംഘം ഭാരവാഹികൾ പുസ്തകത്തിന്റെ പ്രകാശനം അവിടെവച്ചാകണം എന്ന് സ്നേഹപൂർവ്വം ആവശ്യപ്പെട്ടപ്പോൾ മുഖ്യപ്രാസംഗികനായി സക്കറിയയും കൂടെ വരാമെന്നേറ്റു. പയ്യന്നൂരിലേക്ക് അദ്ദേഹത്തിന്റെ കന്നിയാത്രയായിരുന്നു. പുരാതനമായ ഒരു നമ്പൂരി ഇല്ലത്തിലെ രുചിയേറിയ പ്രാതലും നഗരപ്രാന്തത്തിലുള്ള ഹോട്ടലിൽ നിന്നും മീൻകറികൂട്ടിയ മൃഷ്ടാന്ന ഭോജനവും ഉച്ചയുറക്കവും കഴിഞ്ഞ് ഞങ്ങൾ വൈകുന്നേരം അഞ്ചുമണിയോടെ ഗാന്ധിപാർക്കിലെ യോഗസ്ഥലത്തെത്തി. ഈ മണ്ണ് മഹാത്മാഗാന്ധിയുടേയും ജവഹർലാൽ നെഹ്റുവിന്റെയും പാദസ്പർശത്താൽ പുണ്യമാണെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല.

1928-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സ്വരാജ് ആവശ്യപ്പെട്ട് ശ്രദ്ധേയമായൊരു പ്രമേയവും ഇവിടെയാണ് അവതരിപ്പിച്ചത്. എന്റെ പുസ്തകപ്രകാശനച്ചടങ്ങിലെത്തിയ സാഹിത്യനായകന്മാരെ കണ്ട് കൺകുളിർത്ത സക്കറിയ പതിവുവിട്ട് ഒരു മണിക്കൂറോളം നീണ്ട ഒരു പ്രസംഗം നടത്തി. സഞ്ചാരസാഹിത്യത്തിന്റെ വ്യാകരണം അപഗ്രഥിച്ച് ദൃശ്യമാധ്യമങ്ങളിൽ അത് ഇടം നേടിയ കഥ അദ്ദേഹം വിവരിച്ചു.

മലയാളക്കരയിലെ ആദ്യസ്വതന്ത്രചാനലിന്റെ സാരഥിയായിരിക്കുമ്പോൾ "എന്റെ കേരളം" എന്ന പേരിൽ പ്രക്ഷേപണം ചെയ്തപരിപാടിയിൽ പുരുഷനും സ്ത്രീയുമൊന്നിച്ച് യാത്രചെയ്തുവേണം ദൃശ്യങ്ങൾ പകർത്താനെന്ന തീരുമാനം സക്കറിയയുടേതായിരുന്നു. ഇതുപരാമർശിക്കവേ സന്ദർഭവശാൽ പ്രായപൂർത്തിയായ സ്ത്രീയും പുരുഷനും തമ്മിൽ ഇഷ്ടപ്പെട്ടിരുന്നാൽ അതിന് ലൈംഗിക പരിവേഷം ചാർത്തുന്ന രീതിയെ അദ്ദേഹം ശക്തിയായി അപലപിച്ചു.

മഞ്ചേരി സംഭവം ഉദാഹരണമായി കാട്ടി അതിൽപ്പെട്ട വ്യക്തി ഭാരതപൗരനാണെന്നും ഭരണഘടന നൽകിയിരിക്കുന്ന മൗലികാവകാശങ്ങൾ അദ്ദേഹത്തിനു നിഷേധിക്കുന്നത് ക്ഷന്തവ്യമല്ലെന്നും വ്യക്തമാക്കി. കൂടെയുണ്ടായിരുന്ന സ്ത്രീയുടെ നേർക്കുണ്ടായ പൈശാചിക ആക്രമണത്തിനെതിരെ സ്ത്രീ സമത്വവാദികളൊന്നും വിരലനക്കിയില്ലായെന്നുമാത്രമല്ല അവർകൂടെച്ചേർന്ന് സാധുവിധവയെ ക്രൂരമായി അപമാനിച്ചുവെന്നതിൽ സക്കറിയ രോഷം കൊണ്ടു.

ഇനിയാണ് പുസ്തക പ്രകാശനകർമ്മത്തിലെ പൊടിപൂരം അരങ്ങുതകർത്തത്. യോഗം തീർന്നയുടനെ ചിലരെത്തി സക്കറിയയുടെ പ്രസ്താവനകളോടുള്ള പ്രതിഷേധം മാന്യമായ രീതിയിൽത്തന്നെ പ്രകടിപ്പിച്ചു. അവിടെനിന്നും ഞങ്ങൾ ഹോട്ടലിലെത്തി ഭക്ഷണം കഴിച്ച് രാത്രിവണ്ടിപിടിക്കുവാനിറങ്ങുമ്പോൾ മറുകൂട്ടം ഞങ്ങളെവളഞ്ഞു കൈയ്യേറ്റം ചെയ്യുവാൻ മുതിർന്നു. ഈ ലേഖകന്റെ ആത്മസംയമനം ഒന്നുകൊണ്ടുമാത്രം രംഗം വഷളാകാതെ ഞങ്ങൾക്ക് രക്ഷപ്പെടുവാൻ സാധിച്ചു. രക്ഷകരായി അവിടെ ആരും ഉണ്ടായില്ല. റെയിൽവേ സ്റ്റേഷനിലും കലാപരിപാടിയുടെ മൂന്നാമങ്കം പ്രതീക്ഷിച്ചെങ്കിലും മിനിട്ടുകൾക്കകം ട്രയിൻ വന്നത് ഭാഗ്യമായി.

ലോകത്തിന്റെ പലഭാഗങ്ങളിലും സാഹസികയാത്രനടത്തിയിട്ടുള്ള ഈ ലേഖകൻ പയ്യന്നൂർ സംഭവത്തിൽ അതീവഖിന്നനാണ് - താലിബാനിസം മലയാളക്കരയിലും വാഴുന്നുവെന്നത് ഉൾക്കൊള്ളാനാകുന്നില്ല. അടിയന്തരാവസ്ഥക്കാലത്ത് പോലീസിനെ പേടിച്ചാൽ മതിയായിരുന്നു. ഇപ്പോഴിതാ സംഘടിത ശക്തിയേയും പേടിക്കേണ്ടിയിരിക്കുന്നു.

ഭരണകൂടം പേരിന് അക്രമത്തെ അപലപിച്ചിട്ടും യാതൊരുതെറ്റുതിരുത്തലും ഉണ്ടാകുമെന്ന പ്രതീക്ഷയില്ല. സക്കറിയയുടെ ജല്പനങ്ങൾ അമിതമായിപ്പോയി എന്ന ആക്ഷേപം മുഴപ്പിച്ചു കാണിക്കുവാൻ തീവ്രശ്രമങ്ങൾ നടക്കുന്നു. ലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അതാകുന്നത് ജനാധിപത്യപരം. പക്ഷേ ആസൂത്രിതമായോ അല്ലാതെയോ തികച്ചും സാംസ്കാരികനായകസ്ഥാനപട്ടംകെട്ടുവാൻ യോഗ്യനായ ഒരാളെ കായികമായി പീഢിപ്പിക്കുവാൻ ശ്രമിച്ചത് നിസാരവൽക്കരിക്കുന്നത് ആശങ്കപരത്തുന്നു. ഈ ദുരന്തത്തിന് സാക്ഷിയാകാൻ വിധിക്കപ്പെട്ടനിമിഷത്തെ ശപിക്കുന്നു.